

# ക്യൂട്ട് വില്ല

**കളമശ്ശേരി അസറ്റ് കസവിലെ കാരിക്കാമുറി വീട് വ്യത്യസ്തമാകുന്നത് ഇന്റീരിയറിന്റെ മനോഹാരിതകൊണ്ടാണ്**



കളമശ്ശേരി അസറ്റ് കസവ്, രണ്ടു വശങ്ങളിലായി നിരന്നു നിൽക്കുന്ന ബോക്സ് വീടുകൾ. ഇതിലെ 46-ാം വില്ല, കാരിക്കാമുറി വീട് വ്യത്യസ്തമാകുന്നത് ഇന്റീരിയറിലെ മനോഹാരിതകൊണ്ടാണ്. ബോക്സ് വീടാണെങ്കിലും മുകൾ നിലയിലെ മുഖപ്പ് ട്രഡീഷനൽ ശൈലി തോന്നിപ്പിക്കുന്നുണ്ട്. 2200 ചതുരശ്രയടിയിൽ തലയുയർത്തി നിൽക്കുന്ന വില്ല അനിൽ ആന്റണിയുടെയും സുസന്റെയും സ്വപ്നസാക്ഷാത്കാരമാണ്.

## തടിയുടെ ക്ലാസിക് ലുക്ക്

വില്ലയ്ക്കകത്ത് തടിയുടെ ക്ലാസിക് ഭംഗിയാണ് കാണാൻ കഴിയുക. മറൈൻ ഗ്രേ





ഡ് പ്ലൈവുഡ്, വെനീർ, മഹാഗണി എന്നീ തടികളാണ് വീടിനെ മോടിപിടിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. വാർഡ്രോബുകൾ, ടി വി യൂണിറ്റ്, സ്റ്റഡി ഏരിയ, ഡ്രെസിങ്ങ് ഏരിയ, ബെഡ്റൂം സ്റ്റോറേജുകൾ തുടങ്ങിയവ മറൈൻ ഗ്രേഡ് പ്ലൈവുഡും വെനീറും കൊണ്ടാണ്. മെലാനിൻ പോളിഷ് ഉപയോഗിച്ചാണ് ഇത് ഫിനിഷ് ചെയ്തിരിക്കുന്നത്. കട്ടിലും ഡൈനിങ്ങ് ടേബിളും അടക്കം മറ്റു ഫർണിച്ചറിന് ഉപയോഗിച്ചിരിക്കുന്നത് മഹാഗണിയാണ്.

ലിവിങ്ങ്-ഡൈനിങ്ങ് ഏരിയകൾ വേർത്തിരിച്ചിട്ടില്ല. എന്നാൽ, ഡൈനിങ്ങ് ഏരിയയ്ക്ക് സ്വകാര്യതയുമുണ്ട്.ക്രീം ആന്റ് വുഡ് കോമ്പിനേഷനാണ് വില്ലയുടെ അകത്തളങ്ങൾക്ക്. ജിപ്സം ബോർഡ് ഉപയോഗിച്ച് ഫാൾസ് സീലിങ്ങും നൽകിയിട്ടുണ്ട്. ജിപ്സം ബോർഡ് ഉപയോഗിച്ചതിനാൽ ചിലവ് കുറയ്ക്കാൻ സാധിച്ചു. എൽ ഇ ഡി സ്ട്രിപ്പും ഫാൾസ് ലൈറ്റും നൽകി കൂടുതൽ മനോഹരമാക്കിയിട്ടുണ്ട്.

## കാറ്റും വെളിച്ചവും നിറഞ്ഞ മുറികൾ

ഈ വില്ലയ്ക്ക് മൂന്ന് ബെഡ്റൂമുകളാണുള്ളത്. മൂന്ന് ബെഡ്റൂമുകളിലും ആവശ്യത്തിനു കാറ്റും വെളിച്ചവും കിട്ടാൻ ജനാലകൾ നൽകിയിട്ടുണ്ട്. ഇവ കർട്ടനുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. കർട്ടനുകളോടു ചേരുന്ന തരത്തിലുള്ള വാൾപെപ്പറുപയോഗിച്ച് ഭിത്തിയും മനോഹരമാക്കിയിരിക്കുന്നു. മാസ്റ്റർ





ബെഡ്റൂമിൽ ഡ്രസിങ്ങ് ഏരിയയും കിഡ്സ്റൂമിൽ സ്റ്റഡി ഏരിയയും നൽകിയിട്ടുണ്ട്.

## വെള്ളാരം കല്ലുകൾ വിരിച്ച കോർട്ടിയാർഡ്

വില്ലയിലെ ഏറ്റവും മനോഹരമായ ഇടം ഡൈനിങ്ങ് ഏരിയയാണ്. ഡൈനിങ്ങ് ഏരിയയുടെ ഒരുഭാഗത്ത് ചെറിയ കോർട്ടിയാർഡ് ഒരുക്കിയിരിക്കുന്നു. വെള്ള പെബിൾസ് വിരിച്ച ഈ കോർട്ടിയാർഡിൽ ഇൻഡോർ പ്ലാന്റുകൾ















ഉടമ  അനിൽ ആന്റണി, ഭാര്യ, മകൻ



## മൾട്ടിവുഡ്: ചിതലരിക്കില്ല, ഈർപ്പം പിടിക്കില്ല

കിച്ചൻ കാബിനുകൾ, ബാത്ത്റൂമിലെ വാർഡ്രോബുകൾ ഈർപ്പമടിക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ ഉപയോഗിക്കാവുന്ന ഏറ്റവും നല്ല മെറ്റീരിയലാണ് ഹാർഡ് സിന്തറ്റിക് ഷീറ്റുകൾ. മൾട്ടിവുഡ് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. പി. വി. സിയിലെ വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന ആദ്യ മെറ്റീരിയലാണ് ഇത്. കഴിഞ്ഞ പത്തുവർഷമായി കേരളത്തിലും ഇന്ത്യയുടെ പലഭാഗങ്ങളിലും ഹാർഡ് സിന്തറ്റിക് ഷീറ്റുകൾ ഉപയോഗിക്കുന്നു. വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതാണിവ. എന്നാൽ, അടുത്തകാലത്ത് ഗുജറാത്തിൽ ഹാർഡ് സിന്തറ്റിക് ഷീറ്റിന്റെ ഒരു പ്ലാന്റ് തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഏറ്റവും വലിയ ഗുണം നനവു പിടിക്കില്ല, ചിതൽ അരിക്കില്ല, തീ പിടിക്കില്ല എന്നിവയാണ്.

വച്ചുപിടിപ്പിച്ചിട്ടുണ്ട്. കോർട്ടിയാർഡിനു മുകളിൽ പെർഗോള നൽകിയത് വെളിച്ചം ഈ ഭാഗത്തേക്ക് കടന്നുവരാൻ സഹായിക്കുന്നു. കോർട്ടിയാർഡിന്റെ ഭിത്തിക്ക് ചെങ്കലിന്റെ ഫിനിഷാണ് നൽകിയിരിക്കുന്നത്. പ്രകൃതിദത്തമായ ചെങ്കല്ല് ഉപയോഗിച്ചാണ് ഈ ടെക്സ്ചർ ചെയ്തിരിക്കുന്നത്. 6 ഇരിപ്പിടങ്ങളുള്ള ഡൈനിങ്ങ് ടേബിളാണ് ഇവിടെയുള്ളത്. ഒരുവശത്തായി ഓപ്പൺ ഷെൽഫും നൽകിയിരിക്കുന്നു.

### മോഡേൺ കിച്ചൻ

കുക്കിങ് റേഞ്ചും റഫ്രിജറേറ്ററുമുൾപ്പടെ ആധുനിക സൗകര്യങ്ങളെല്ലാമുള്ള കിച്ചനാണ് ഇവിടെയുള്ളത്. കിച്ചൻ കബോർഡുകൾ, വാഷ് ബെയ്സിൻ കൗണ്ടർ, വർക്ക് ഏരിയയിലെ സ്റ്റോറേജ് എന്നിവ നിർമ്മിച്ചിരിക്കുന്നത് ഹാർഡ് സിന്തറ്റിക് ഷീറ്റ് ഉപയോഗിച്ചാണ്. നൂറു ശതമാനം ഈർപ്പം കടത്തി വിടാത്തതും ചിതൽ അരിക്കാത്തതുമാണിത്. ഭാരം കുറവായതിനാൽ ഉപയോഗിക്കാനും എളുപ്പമാണ്. ഇതിൽ പോളിയൂറിത്തീൻ പെയിന്റു ചെയ്തിട്ടുമുണ്ട്. കിച്ചനോട് ചേർന്ന് വർക്ക് ഏരിയയും ചെറിയൊരു സ്റ്റോറൂമും ഉണ്ട്. വർക്ക് ഏരിയയുടെ ഒരുഭാഗം വാഷിങ് ഏരിയയ്ക്കായി മാറ്റിവച്ചിരിക്കുന്നു. ഇവിടെ ഡിഷ് വാഷറും വാഷിങ് മെഷീനും നൽകിയിരിക്കുന്നു. സ്റ്റീലിലും തടിയിലും തീർത്ത കൈപിടിയാണ് കോണിക്കുള്ളത്. സ്റ്റെയിൻലെസ് സ്റ്റീലിൽ മാറ്റ് ഫിനിഷാണ് ഇതിനു നൽകിയിരിക്കുന്നത്.

**സിമി മേരി സുനിൽ**



**രാജൻ പി സണ്ണി**
ശിൽപകല ഇന്റീരിയേഴ്സ്
കൊച്ചി 9847394959